**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2011** **04-02-2026 - ൽ മറുപടിയ്ക്ക്**

**പാലുല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ടോ; ഉല്പാദനവും ആവശ്യകതയും തമ്മിലുള്ള വ്യത്യാസം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനം പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചിട്ടില്ല. 2024-25 വർഷത്തിൽ സംസ്ഥാനത്തിന്റെ പാലുൽപാദനം 25.79 ലക്ഷം മെട്രിക് ടൺ ആയിരുന്നു. എന്നാൽ ആവശ്യകത 32.22 ലക്ഷം ടൺ ആയിരുന്നു. ഏകദേശം 6.4 ലക്ഷം മെട്രിക് ടൺ പാലിന്റെ കുറവ് സംസ്ഥാനത്ത് ഉള്ളതായി കണക്കാക്കുന്നു. അതായത് പ്രതിദിനം 16 ലക്ഷം ലിറ്റർ പാലിന്റെ കുറവ് .<br><br>കണക്കുകൾ പ്രകാരം 2025 ഏപ്രിൽ മാസം മുതൽ മിൽമയുടെ മേഖലാ യൂണിയനുകൾ വഴിയുള്ള പാൽ സംഭരണം വർദ്ധിച്ചിട്ടുള്ളതായാണ് കാണുന്നത്. 2025 ഏപ്രിൽ 1 മുതൽ 2025 ഡിസംബർ 31- വരെയുള്ള കണക്കുകൾ പ്രകാരം മിൽമയുടെ മേഖലാ യൂണിയനുകൾ വഴിയുള്ള പ്രതിദിന ശരാശരി പാൽ സംഭരണം 12,48,929 ലിറ്ററും പ്രതിദിന പാൽവിപ്പന 16,83,878 ലിറ്ററുമാണ്. കണക്കുകൾ പ്രകാരം 2025 ഏപ്രിൽ മാസം മുതൽ പാലുല്പ്പാദനത്തിൽ 13.96% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ പാലുല്പാദനം കൂട്ടാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ മുഖേന ഈ മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചുവെന്ന് വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ പാലുല്പാദനം കൂട്ടാൻ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാന ബജറ്റ് വിഹിതമായി 2021-22 വർഷം 103.71 കോടി രൂപയുടേയും 2022-23 വർഷം 106.81 കോടി രൂപയുടേയും 2023-24 സാമ്പത്തിക വർഷം 9418.74 ലക്ഷം രൂപയുടേയും വികസന പ്രവർത്തനങ്ങൾ ആണ് ക്ഷീരമേഖലയിൽ നടപ്പിലാക്കിയത്. 2024-25 വർഷം 12.5592 ലക്ഷം രൂപ ക്ഷീരമേഖലയിലെ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചു. |

- കേരളത്തിലെ സങ്കരയിനം പശുക്കളുടെ പ്രതിദിന പാലുല്പാദന ശേഷി വർദ്ധിക്കുകയും പശുക്കളുടെ ഉൽപാദന ക്ഷമതയിൽ കേരളം രാജ്യത്ത് രണ്ടാം സ്ഥാനം കൈവരിക്കുകയും ചെയ്തിട്ടുണ്ട് (ശരാശരി പ്രതിദിന ഉൽപാദനം 10.79 ലിറ്റർ). കഴിഞ്ഞ 5 വർഷങ്ങളിലായി ക്ഷീരവികസന വകുപ്പ് പദ്ധതികളിലൂടെ ഏകദേശം 15912 കറവപശുക്കളേയും 8426 കിടാരികളേയും സംസ്ഥാനത്ത് പുതുതായി എത്തിക്കാൻ സാധിച്ചിട്ടുണ്ട്.
- കാലിത്തൊഴുത്ത് നിർമ്മാണം ഫാം ആധുനികവൽക്കരണം, കറവയന്ത്രം, ആവശ്യാധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 5238 എണ്ണം കർഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.
- ക്ഷീരഗ്രാമം പദ്ധതി വഴി 5 വർഷത്തിൽ ഇതുവരെ 86 പഞ്ചായത്തുകളിൽ 14000 ത്തോളം ക്ഷീരകർഷകർക്ക് ധനസഹായം നൽകാൻ കഴിഞ്ഞു. 2024-25 മുതൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി പ്രതി വർഷം 40 പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം നടപ്പിലാക്കി വരുന്നു. 2025-26 വർഷം 51 പഞ്ചായത്തുകളെ പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്.
- വ്യക്തികൾക്കായി 50 ഉരുക്കൾ വീതമുള്ള 17 കിടാരി പാർക്കുകൾ സ്ഥാപിച്ചു.
- ക്ഷീരസംഘങ്ങളുടെ ശാക്തീകരണവും അടിസ്ഥാന സൗകര്യ വികസനവും നടത്തുന്നതിന്റെ ഭാഗമായി 53 സംഘങ്ങളിൽ ഫാർമർ ഫെസിലിറ്റേഷൻ ആൻഡ് ഇൻഫർമേഷൻ സെന്ററുകൾ 71 പാൽ സംഭരണ മുറികൾ, എന്നിവ സ്ഥാപിക്കുന്നതിനായി 5.45 കോടി രൂപയാണ് നൽകിയിട്ടുള്ളത്. 24 സംഘങ്ങളിൽ മഴവെള്ളം സംഭരണി, 44 മാലിന്യ സംസ്കരണ യൂണിറ്റുകൾ, 36 സോളാർ പ്ലാന്റുകൾ, എന്നിവയും 16 സംഘങ്ങൾക്ക് സ്ഥലം വാങ്ങാനുള്ള ധനസഹായവും നൽകിയിട്ടുണ്ട്. 52 ക്ഷീരസംഘങ്ങൾ ISO സർട്ടിഫിക്കറ്റിന് അർഹരായിട്ടുണ്ട്.
- ക്ഷീരസാന്ത്വനം സമഗ്ര ഇൻഷുറൻസ് പദ്ധതി വഴി ഇതുവരെ 60,792 കർഷകരേയും 18,278 ഉരുക്കളേയും ഇൻഷ്വർ ചെയ്തിട്ടുണ്ട്.
- ക്ഷീര വികസന വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഇ-ഗവേണൻസിന്റെ

ഭാഗമായി ഓൺ ലൈൻ പോർട്ടലായ ക്ഷീരശ്രീ പോർട്ടൽ വികസിപ്പിച്ചു. 3 ലക്ഷത്തിനടുത്ത് കർഷകർ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വകുപ്പ് പദ്ധതികൾക്കുള്ള അപേക്ഷ സ്വീകരിക്കുന്നതു മുതൽ ധനസഹായ വിതരണം വരെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ഉദ്യോഗസ്ഥർ, ക്ഷീരസംഘം, മറ്റ് സ്റ്റേക്ക് ഹോൾഡേഴ്സ് എന്നിവരുടെ പ്രവർത്തനങ്ങൾ ക്ഷീരശ്രീ പോർട്ടൽ വഴി ഏകോപിപ്പിക്കാൻ കഴിയും

- ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങളെ ഓൺലൈൻ ആയി ഏകോപിപ്പിക്കുന്ന യൂണിഫൈഡ് സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കിയതിലൂടെ ക്ഷീരസംഘങ്ങളിൽ കർഷകരിൽ നിന്നും പാൽ സംഭരിക്കുന്നതു മുതൽ വില നൽകുന്നതുവരെയുള്ള പ്രവർത്തനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാകുന്നു.
- മലപ്പുറം ജില്ലയിലെ മൂർക്കനാട് 131.03 കോടി രൂപ ചെലവിൽ 10 മെട്രിക് ടൺ ഉൽപാദന ശേഷിയുള്ള പാൽപ്പൊടി ഫാക്ടറി ആരംഭിച്ചു.
- കുട്ടനാട്ടിലെ പ്രളയ ദുരിതത്തിൽ നിന്നും ഈ മേഖലയ്ക്ക് ഒരു ശാശ്വത പരിഹാരമായി ചെമ്പുംപുറം, ചമ്പക്കുളം എന്നീ 2 ക്ഷീരസംഘങ്ങൾ കേന്ദ്രീകരിച്ച് "എലിവേറ്റഡ് & കമ്മ്യൂണിറ്റി കാറ്റിൽ ഷെഡ്" പദ്ധതി നടപ്പിലാക്കി.
- അതി ദരിദ്രർക്കുള്ള പശു വിതരണ പദ്ധതി വഴി സംസ്ഥാനത്തെ അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട 280 കുടുംബങ്ങൾക്ക് കറവപശുക്കളെ വിതരണം ചെയ്യാൻ കഴിഞ്ഞു
- 8790 ഹെക്ടർ അധിക സ്ഥലത്ത് ഈ പദ്ധതികൾ വഴി പുൽകൃഷി വ്യാപിപ്പിക്കുകയും 30859 കർഷകർക്ക് ധനസഹായം നൽകി 15.383 ലക്ഷം ടൺ തീറ്റപ്പുൽ അധികമായി ഉൽപാദിപ്പിക്കുകയും ചെയ്തു. 259 ഹെക്ടർ തരിശു ഭൂമിയിൽ തീറ്റപ്പുൽ കൃഷി നടപ്പിലാക്കുകയും ക്ഷീരസംഘങ്ങളിലൂടെ 15 കോടി രൂപയുടെ പച്ചപ്പുൽ/ വൈക്കോൽ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരകർഷകരുടെയും അതുവഴി ക്ഷീരമേഖലയുടെയും ഉന്നമനത്തിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്കു സമാന്തരമായിത്തന്നെ മിൽമ

തുടങ്ങിവച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- ക്ഷീരകർഷകർക്ക് ലളിതമായ വ്യവസ്ഥയിൽ കേരള ബാങ്കിലൂടെ 3 ലക്ഷം രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന ക്ഷീരമിത്ര വായ്പാ പദ്ധതി നടപ്പിലാക്കുന്നതിനായി മിൽമയും കേരളാ ബാങ്കുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും അതിനുള്ള അനുബന്ധ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയും ചെയ്യുന്നു.
- കർഷകരുടെ ഉൽപ്പാദനചെലവ് കുറയ്ക്കുന്നതിലേക്കായി വർഷത്തിലുടനീളം (12 മാസവും) ഫെഡറേഷനും മേഖലാ യൂണിയനുകളും ചേർന്ന് കാലിത്തീറ്റയ്ക്ക് അനുവദിച്ചു വരുന്ന സബ്സിഡി.
- കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ഉൽപ്പാദനക്കുറവിനാൽ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി കാലാവസ്ഥാ അധിഷ്ഠിത ഇൻഷുറൻസ് പദ്ധതി മേഖലാ യൂണിയനുകൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തുകൊണ്ട് തിരുവനന്തപുരം മേഖലാ യൂണിയൻ 28.83 ലക്ഷം രൂപയും, എറണാകുളം മേഖലാ യൂണിയൻ 3.78ലക്ഷം രൂപയും, മലബാർ മേഖലാ യൂണിയൻ 23.07 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ അടവാക്കിയിട്ടുണ്ട്.
- കേരളാബാങ്ക്, വ്യവസായ വാണിജ്യ വകുപ്പ്, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ക്ഷീരവികസന വകുപ്പ് എന്നീ വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികൾ സംബന്ധിച്ച് അതാത് വകുപ്പ് പ്രതിനിധികളുമായി വിശദമായി ചർച്ച നടത്തുകയും, അവയിൽ നിന്നും മിൽമയ്ക്ക് അനുയോജ്യമായവ കണ്ടെത്തി, അതിന്റെ വിശദാംശങ്ങൾ സർക്കുലർ രൂപത്തിൽ, മേഖലാ യൂണിയനുകൾക്കു കീഴിലുള്ള സംഘങ്ങൾ വഴി കർഷകർക്കിടയിൽ എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ക്ഷീരവൃത്തി ഉപജീവനമാക്കിവവർക്ക് ഈ വായ്പാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട്

| | | | |
|---|---|---|---|
| | | | കൂടുതൽ വളർച്ച കൈവരിക്കാനും, പുതിയ ആൾക്കാരെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും ആയതിലൂടെ ക്ഷീരമേഖലയിൽ പുത്തൻ ഉണർവ് കൊണ്ടുവരുവാനും കഴിയുമെന്ന് പ്രത്യാശിക്കുന്നു.<br>• മിൽമ മേഖലാ യൂണിയനുകളുടെ സ്ഥിരം നിയമനങ്ങളിൽ ക്ഷീര കർഷകർക്കും അവരുടെ ആശ്രിതർക്കും, മേഖലാ യൂണിയന്റെ റിക്രൂട്ട്മെന്റ് & പ്രൊമോഷൻ റൂൾസിന് വിധേയമായിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയുടെയും, പ്രവൃത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിൽ, മുൻഗണന (weightage) അനുവദിക്കുന്നത് സംബന്ധിച്ച് ദീർഘകാലമായുള്ള മേഖലായൂണിയനുകളുടെ ആവശ്യം സർക്കാർ അംഗീകരിച്ചുകൊണ്ട് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറത്തിറക്കിയിട്ടുണ്ട്. മിൽമയുടെ മലബാർ, എറണാകുളം, തിരുവനന്തപുരം മേഖലായൂണിയനുകളിലെ സ്ഥിര നിയമനങ്ങളിലാണ് സംവരണം പ്രാബല്യത്തിൽ വരിക. ഇത് ക്ഷീരമേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും അതുവഴി ക്ഷീരമേഖല ശക്തി പ്രാപിക്കുന്നതിനും സഹായകമാകുന്നതോടൊപ്പം തന്നെ, ഈ മേഖലയിലേക്ക് പുതിയ തലമുറ എത്തുന്നില്ല എന്ന പ്രശ്നത്തിനും ഒരു പരിധി വരെ പരിഹാരമാകുന്നതാണ്.<br>• 2024-2025 സാമ്പത്തിക വർഷത്തിൽ മിൽമ ക്ഷീര കർഷകർക്കായി അധിക വിലയും കാലിത്തീറ്റ സബ്സിഡിയും മറ്റു ക്ഷേമപ്രവർത്തനങ്ങൾക്കുമായി 254.79 കോടി രൂപയുടെ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ ക്ഷേമപദ്ധതികളുടെ പരിണിതഫലമായി 2025 ഏപ്രിൽ മാസം മുതൽ പാലുല്പ്പാദനത്തിൽ 13.96% വർദ്ധനവ് ലഭ്യമായിവരുന്നു. |
| (സി) | സംസ്ഥാനത്തെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തോട്ടം തൊഴിലാളികൾ, മത്സ്യ-കയർ മേഖലകളിലെ തൊഴിലാളികൾ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ എന്നിവരെ ലക്ഷ്യമിട്ട് പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; ഇവയിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നത്; പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | മറുപടി അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## ക്ഷീരലയം- തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡിൽ 10 പശുക്കളെ വളർത്തുന്നതിനുള്ള പദ്ധതി

| | |
|---|---|
| ആകെ എണ്ണം | 1 |
| അടങ്കൽ തുക (രൂപ) / യൂണിറ്റ് | 13,80,000 |
| സബ്സിഡി തുക (രൂപ) /യൂണിറ്റ് | 11,00,000 |
| അപേക്ഷിക്കേണ്ട രീതി | നേരിട്ട് ക്ഷീരവികസന യൂണിറ്റ് മുഖേന |

## ക്ഷീര തീരം – തീരദേശത്തെ മൽസ്യം, കയർ മേഖലയിലെ തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള പ്രത്യേക 2 പശു യൂണിറ്റ് പദ്ധതി (വ്യക്തിഗതം) ആകെ എണ്ണം

| | |
|---|---|
| ആകെ എണ്ണം | 400 |
| അടങ്കൽ തുക (രൂപ) / യൂണിറ്റ് | 2,16,000 |
| സബ്സിഡി തുക (രൂപ) /യൂണിറ്റ് | 1,29,000 |
| അപേക്ഷിക്കേണ്ട രീതി | നേരിട്ട് ക്ഷീരവികസന യൂണിറ്റ് മുഖേന |

തോട്ടം മേഖലയിലെ ജനങ്ങൾക്കായുള്ള പ്രത്യേക ക്ഷീരവികസന പദ്ധതിയായ ക്ഷീരലയം പദ്ധതി വഴി ഇടുക്കി ജില്ലയിൽ ഒരു ക്ഷീരലയം പ്രവർത്തിക്കുന്നു.
മത്സ്യ ബന്ധന, കയർ തൊഴിൽ മേഖലയിലെ ഉന്നമനത്തിനായി നടപ്പിലാക്കിയ ക്ഷീരതീരം പദ്ധതി (2 പശു യൂണിറ്റ്) നടപ്പിലാക്കിയത് സംസ്ഥാനത്തുടനീളം ജനപ്രിയമായിട്ടുണ്ട്. 324 കുടുംബങ്ങൾക്ക് ക്ഷീരതീരം പദ്ധതിയിൽ ധനസഹായം നൽകിയിട്ടുണ്ട്.

ക്ഷീരവികസനം ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ഒരു മികച്ച ഉപാധി എന്ന നിലയിൽ അതി ദരിദ്രർക്കുള്ള പശു വിതരണ പദ്ധതി വഴി സംസ്ഥാനത്തെ അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട 287 കുടുംബങ്ങൾക്ക് കറവപശുക്കളെ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.